# തിരിഞ്ഞു കാണരുതേ...

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ഊരിത്തന്ന** വാച്ച്
റിസ്റ്റിൽ കെട്ടിയതും
അയഞ്ഞയഞ്ഞ് കളഞ്ഞു പോയതും
അന്വേഷകർ നിരാശയിൽ മടങ്ങിയതും
എല്ലാമെല്ലാം മറന്നിട്ടും
ഓർത്തു പേർത്ത് നാരിഴ കീറി
ആരത് ഇപ്പോൾ കെട്ടുന്നൂവെന്ന്
നിദിദ്ധ്യാസാഭ്യാസം ചെയ്വതെന്തിന്?

വിമാനത്താവളത്തിലെ
യാത്രയയപ്പു ലോഞ്ചിൽ
ഉത്തമനായ അധമർണ്ണന്
ഊരിക്കൊടുത്ത വാച്ച്,
കടൽ കടന്ന്
യക്ഷിപ്പാലയെ മറന്ന്
മഗോലിയയുടെ വെളുവെളുപ്പ്
കണ്ടുകൊണ്ട് മണുത്തിട്ടും
ആരത് ഇപ്പോൾ കെട്ടുന്നൂവെന്ന്
കൃതസംശോധനം ചെയ്വതെന്തിന്?

മന:ശാസ്ത്ര പരീക്ഷാനാളിയിൽ
വ്യാപാരസൂത്രം പരിശീലിക്കാൻ
സുബോധം ഊരിവെച്ച വാച്ച്
ആരും എടുക്കുന്നില്ലെന്നറിഞ്ഞ്
ആശയറ്റുപേക്ഷിച്ച ശ്രമം:
ആരത് ഇപ്പോൾ കെട്ടുന്നൂവെന്ന്
മനനം ചെയ്വതെന്തിന്?

അശ്വാരൂഢനും
അശ്വരഥ സാരഥിയും

ആശ്വമുഖം അഭിമുഖമാക്കിയ
അർത്ഥസംഹിതാ സഞ്ചയം
അറിയാഞ്ഞതെന്തേ?
നേരേച്ചൊവ്വേ നേരത്തേ
ആരാഞ്ഞറിയാഞ്ഞതെന്തേ?

തിരിഞ്ഞു നോക്കരുതേ!
തെരഞ്ഞു കാണരുതേ!
തിരുത്തൽവാദി ആകരുതേ!
************************************************************